ഡോക്ടർ എ. ആർ. മേനോൻ : (എ) ഉവ.

(ബി) ടി സംഗതികളെപ്പറ്റിയും മറ്റും അന്വേഷിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് കിട്ടിയല്ലാതെ ഒരു വിശദീകരണം പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതല്ല.

മിസ്റ്റർ കെ. പി. വള്ളോൻ : ഈ കമ്മിറ്റി സ്ഥാപിക്കുന്നതിനു മുമ്പായിട്ട് അയച്ച ചോദ്യമാണിത്.

ഡോക്ടർ എ. ആർ. മേനോൻ : കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാലുടനെ വേണ്ടതു ചെയ്യാം.

DEPRESSED CLASSES COLONIES—NUMBER WITHOUT RESIDENTS

157. മിസ്റ്റർ കെ. പി. വള്ളോൻ : താഴെ എഴുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ദവമ്മെണ്ടിൽ നിന്നും സദയം മറുപടി താമോ.—

(എ) ആകെ ഈ രാജ്യത്തുള്ള കോളനികൾ എത്ര ;

(ബി) അതിൽ ആൾതാമസം ഇല്ലാത്ത കോളനികൾ എത്ര ;

(സി) അവയുടെ പേരുകൾ പ്രസിദ്ധീകരിക്കുമോ ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) ൻ ന.

(ബി) ഫ ൦.

(സി) (*i*) മാടായിക്കോണം.

(*ii*) പാണഞ്ചേരി.

(*iii*) പരപ്പക്കോട്.

(*iv*) ചൊവ്വര.

(*v*) വെണ്ടുരുത്തി.

(*vi*) പയ്യങ്കോട്.

(*vii*) കാർളം.

(*xiii*) വിൽവട്ടം.

(*ix*) തേനൊക്കര.

(*x*) ചിറമ്മൽ.

മിസ്റ്റർ കെ.പി. വള്ളോൻ : ആളുകൾ താമസമില്ലാത്ത കോളനികൾ ഫ൦ എണ്ണം ഉണ്ടെന്നു പറഞ്ഞിട്ടുണ്ട്. ഈ കോളനി നിവാസികളുടെ സംരക്ഷണത്തിനുവേണ്ടി ഇതിനുമുമ്പ് എന്തെങ്കിലും സംഖ്യ ചിലവുചെയ്തിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ : അതിനെപ്പറ്റി അന്വേഷിച്ചിട്ടില്ല. അന്വേഷിക്കേണ്ട സന്ദർഭമുണ്ടായിട്ടില്ല. ഈ ചോദ്യം വന്നിട്ടുള്ളതുകൊണ്ട് മേലാൽ അന്വേഷിക്കാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : ഒരിക്കലും താമസമുണ്ടായിട്ടില്ലെന്നോ ഇപ്പോൾ ആരും താമസിക്കുന്നില്ലെന്നോ എന്താണ് ഇതിന്റെ അർത്ഥം ?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: മുമ്പ് ഉണ്ടായിരുന്നിരിക്കാം. ഇപ്പോഴില്ല. ചില ടിക്കുകളിൽ കോളനി സ്ഥാപിച്ചുകൊടുത്താൽ അവർക്ക് അവിടെ താമസിച്ചുകൊണ്ട് കൂലിപ്പണിക്കും മറ്റും പോകുവാൻ സാധിക്കയില്ല. അവർ താമസിക്കുന്ന സ്ഥലത്തുതന്നെ കൂലിപ്പണി കിട്ടിയെന്നു വരികയില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: മുമ്പ് അവിടെ ആളുകൾ താമസിച്ചിട്ട് ഒഴിഞ്ഞുപോയിട്ടുള്ളതാണൊ ഈ കോളനികൾ?

ഡോക്ടർ എ. ആർ. മേനോൻ: എങ്ങിനെയാണെന്നറിഞ്ഞുകൂടാ.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: ഈ ഫാം കോളനികൾക്കുവേണ്ടി വല്ല ചിലവും ഗവൺമെണ്ട് ചെയ്തിട്ടുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: അതു് അന്വേഷിച്ചാലേ അറിയുവാൻ സാധിക്കയുള്ളൂ. അവിടെ വല്ല ചിലവും ചെയ്യുന്നുണ്ടെന്നു പറയുകയാണെങ്കിൽ കളവുചെയ്തിട്ടുണ്ടെന്നായിരിക്കും അതിന്റെ അർത്ഥം.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഈ ആൾതാമസമില്ലാത്ത കോളനികൾ സ്ഥാപിച്ചിട്ട് ഉദ്ദേശം എത്ര കൊല്ലമായിരിക്കും?

ഡോക്ടർ എ. ആർ. മേനോൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പത്തു കോളനികളിൽ ഒന്നല്ലേ കാണുള്ളൂ? അങ്ങിനെയാണെങ്കിൽ അവിടെ കോളനിതന്നെ സ്ഥാപിച്ചിട്ടില്ല. കോളനിക്കുവേണ്ടി സ്ഥലമെടുത്തിട്ട് ഒരു കിണർ മാത്രം കുഴിപ്പിച്ചിട്ടുണ്ട്. അതുപോലെയാണ് ഈ പത്തു സ്ഥലത്തുമെന്നുണ്ടെങ്കിൽ ഗവൺമെണ്ടിനു യാതൊരു ചിലവും ഉണ്ടായിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: ആൾ താമസമില്ലാത്ത സ്ഥലത്തു കിണർ കുഴിപ്പിച്ചതിനെപ്പറ്റി അന്വേഷിക്കാമൊ?

ഡോക്ടർ എ. ആർ. മേനോൻ: അന്വേഷിക്കാം.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ആവശ്യമില്ലാത്ത കോളനികൾ ഇല്ലാതാക്കുവാൻ വിരോധമുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: കോളനികളിൽ ആവശ്യമില്ലാത്തവയെ എടുത്തുകളയുവാനും മേലാൽ ഒറ്റയൊറ്റ വീടുകളായി പണിയിച്ച് ആളുകളെ താമസിപ്പിക്കുവാനും ഓർഡർ അയച്ചുകഴിഞ്ഞിട്ടുണ്ട്. അതിനു വേണ്ടുന്ന ശ്രമങ്ങൾ നടത്തിവരുന്നുമുണ്ട്.

ANCHAL OFFICE AT PARAPPUR—PARTICULARS REGARDING

158. Mr. P. Govinda Menon *(Mulakunnathukavu):* Will the Government be pleased to state.—

(*a*) whether there is an Anchal Office in Parappur ;

(*b*) if not, which is the office from which articles are delivered to the people of Parappur ;

(*c*) how may days in the week there is delivery of articles in Parappur ?

LIBRARY ARCHIVES Kerala Legislative Assembly